**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 180 | 13.06.2019 ൽ മറുപടിക്ക്

## നഗര പ്രദേശങ്ങളിലെ മാഫിയാ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പി.ഉബൈദുള്ള<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രത്യേകിച്ച് നഗര പ്രദേശങ്ങളിൽ ഗുണ്ടാ-മയക്കുമരുന്ന മാഫിയാ സംഘങ്ങളുടെ പ്രവർത്തനം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഈ സംഘങ്ങൾ തമ്മിലുള്ള കുടിപ്പകയുടെ ഫലമായി ക്രൂരമായ കൊലപാതക സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) അടുത്തകാലത്തായി ഗുണ്ടാ-മയക്കു മരുന്ന് മാഫിയാ സംഘങ്ങൾ ഉൾപ്പെട്ട കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലയിൽ 2017 ൽ ഗുണ്ടാ-മയക്കു മരുന്ന് മാഫിയാ സംഘങ്ങൾ ഉൾപ്പെട്ട മൂന്ന് കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) മാഫിയ പ്രവർത്തനങ്ങൾ, മോഷണം, പിടിച്ചുപറി, ഗുണ്ടാ ആക്രമണം എന്നിവ തടയുന്നതിനായി പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാലങ്ങളിലടക്കം ശക്തി പ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപി ക്കുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചുവരുന്നുണ്ട്.പൊതുജനങ്ങളുടെ ജീവനും, സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് ഗുണ്ടാ ആക്രമണം പോലെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ KAAPA പ്രകാരവും മറ്റും ശക്തമായ മുൻ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് മയക്കുമരുന്നു മാഫിയക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സംസ്ഥാന തലത്തിൽ Kerala Anti-Narcotic Special Action Force (KANSAF), ജില്ലകളിൽ ഇതിനോടനുബന്ധിച്ച District Anti-Narcotic Special Action Force (DANSAF)-ഉം രൂപീകരിച്ചിട്ടുണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉത്പാദനം, വിതരണം, കടത്തൽ, കച്ചവടം, ഉപയോഗം എന്നിവയെ പറ്റിയുള്ള വിവരങ്ങൾ മുൻകൂട്ടി അറിയാനും ശേഖരിക്കാനും, കണ്ടെത്തിയാൽ കർശന നിയമ നടപടികൾ സ്വീകരിക്കാനും ലക്ഷ്യമിട്ടാണ് KANSAF/DANSAF രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നത്.

ഇതിനു പുറമെ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവുകൾ നടത്തി മുൻ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥിരം കുറ്റവാളികൾക്കെതിരെ CrPC 151,107 എന്നീ വകുപ്പുകൾ പ്രകാരം നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ